# Academic Master Plan 2025-26

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി.എൽ.പി.എസ് ചേനോത്ത്

സ്കൂൾ കോഡ് : 47203

വിദ്യാഭ്യാസ ഉപജില്ല : കുന്ദമംഗലം

വിദ്യാഭ്യാസ ജില്ല : കോഴിക്കോട്

ബി.ആർ.സി : മാവൂർ

ജില്ലാ പഞ്ചായത്ത് :

നിയമസഭ മണ്ഡലം : കോഴിക്കോട്

# ആമുഖം

കോഴിക്കോട് ജില്ലയിലുള്ള

കുന്ദമംഗലം ഉപജില്ലയിൽ ചാത്തമംഗല-ത്തിലെ ഗവൺമെന്റ് വിദ്യാലയമാണ് ഗവ. L.P സ്കൂൾ ചേനോത്ത്.

ചേനോത്ത് പ്രദേശവാസികൾക്ക് അറിവിന്റെ അക്ഷരദീപം പകർന്ന ഈ പ്രാഥമിക വിദ്യാലയം ഇന്ന് വളർച്ചയുടെ പാതയിലാണ്. മികച്ച ഭൗതിക സാഹചര്യമുള്ള ഈ വിദ്യാലയ-ത്തിന്റെ ക്യാമ്പസിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ-ത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഉന്ന-മനം ലക്ഷ്യമിട്ടുകൊണ്ട് നടത്തിയ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്. പൊതു സമൂ-ഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വി-ദ്യാലയമികവ് തുടർന്ന് കൊണ്ടുപോകാനുള്ള പരിശ്ര-മത്തിലാണ് ഇന്ന് നമ്മുടെ വിദ്യാലയം. അതിനു കരുത്തു പകരാൻ സഹായകരമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## അക്കാദമിക പ്രവർത്തനങ്ങൾ 2025-26
### പൊതുകാഴ്ചപ്പാടുകൾ

പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സ് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും തുല്യപരിഗണനയും അവസരങ്ങളുമൊരുക്കുന്ന ആഹ്ലാദം നിറഞ്ഞ ഇടമായിരിക്കണം വിദ്യാലയം. പ്രാദേശികമായ, സാമൂഹികമായ, വിദ്യാഭ്യാസപരമായ എല്ലാ പിന്നോക്കാവസ്ഥകളെയും മറികടന്ന് മുന്നേറാൻ ഓരോ കുട്ടിക്കും അവസരമൊരുക്കാൻ അധ്യാപകർ എപ്പോഴും കൂടെയുണ്ടാവണം. നാലാം തരത്തിൽ നിന്ന് പോകുന്ന കുട്ടിക്ക് എഴുതാനും വായിക്കാനും, ചതുഷ്ക്രിയകൾ അറിയാമെന്ന് ഉറപ്പ് വരുത്തണം.

പ്രവർത്തനങ്ങൾ

- ദിനാഘോഷങ്ങൾ
- ക്വിസ് ഷോ
- വിവിധ മേഖലയിലെ ബോധവൽക്കരണ ക്ലാസുകൾ
- കായിക വിനോദങ്ങൾ
- പ്രശസ്തരായ വ്യക്തികളുടെ ക്ലാസുകൾ
- പ്രകൃതി നടത്തം
- ആരോഗ്യം, ശുചിത്വം, പോഷകാഹാരം ഇവയെക്കുറിച്ച് അവബോധമുണ്ടാക്കുക
- കഥകൾ പൊലിപ്പിക്കുക
- ഇംഗ്ലീഷ് കേൾക്കാം - സംസാരിക്കാം
- Action plan - പൊതുവായും, ക്ലാസ്സ് അടിസ്ഥാനത്തിലും.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| * കുട്ടികൾ പ്രയാസം നേരിടുന്ന അക്ഷരങ്ങൾ തിരിച്ചറിയുകയും അവ ഉപയോഗപ്പെടുത്തി പുതിയ വാക്കുകൾ, വാക്യങ്ങൾ എന്നിവ നിർമ്മിക്കുന്നു. | • അക്ഷരകാർഡ് നിർമ്മാണം<br>• വായനാകാർഡ് നിർമ്മാണം<br>• ലഘുവാക്യങ്ങൾ ഉൾക്കൊള്ളുന്ന വായനാസാമഗ്രികളുടെ നിർമ്മാണം.<br>• വർക്ക്ഷീറ്റുകളുടെ നിർമ്മാണം<br>• അക്ഷരകാർഡുകൾ, വായനാകാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തിയുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | PTA |
| * അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | * കഥ, കവിത, നാടൻപാട്ട് എന്തെങ്കിലും ഒന്ന് കുട്ടികൾ ഒരു ദിവസം അവതരിപ്പിക്കുന്നു.<br>* കഥാശേഖരണം നടത്തി അവ അവതരിപ്പിക്കാൻ അവസരം നൽകുകയും കഥാപാത്രങ്ങളെ കുറിച്ചും കഥയെ കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു.<br>* വായനാ കാർഡ് വായന<br>* ക്ലാസിൽ ഒരു കട ( കച്ചവടം നടത്താൻ) | വർഷം മുഴുവൻ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം. |
|---|---|---|---|
| * അർത്ഥപൂർണ്ണമായി വായിക്കാൻ കഴിയുന്നു | * ഉച്ചാരണശുദ്ധിയോടെ കഥ പറയൽ<br>* അനായാസമായി പത്രം വായിക്കൽ | വർഷം മുഴുവൻ | |
| * എഴുതാനും വായിക്കാനും ഉള്ള ശേഷി | * പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ പ്രത്യേക പരിശീലനം. വായനാകാർഡ്, വർക്ക്ഷീറ്റ്, പദകാർഡ്, ചിത്രങ്ങളോട് കൂടിയ അക്ഷര കാർഡ് നൽകൽ.<br>മലയാളത്തിളക്കം പരിപാടി | വർഷം മുഴുവൻ | SMC |
| * കുട്ടികളുടെ പഠന മികവുകൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നത് വഴി വിദ്യാലയത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കൽ. | * രചനോത്സവം<br>* കഥോത്സവം<br>* പാട്ടുത്സവം<br>* സ്കൂൾ തല സർഗോത്സവം<br>* വിദ്യാലയ പ്രവർത്തനങ്ങളിൽ രൂപപ്പെട്ട ഉൽപന്നങ്ങളുടെ പ്രദർശനം.<br>* കുട്ടികളുടെ കഴിവുകളുടെ പ്രകടനം | 3 മാസം കൂടുമ്പോൾ<br>വർഷാവസാനം | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം

മേഖല - ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| * ഗണിത പഠനം ആസ്വാദ്യകരമാക്കുക<br><br>* സംഖ്യാ ബോധം ദൈനംദിന ജീവിത പ്രയോഗിക പ്രശ്ന പരിഹരണം. | * ഗണിത കളികൾ<br>* സംഖ്യാ ഗാനങ്ങൾ<br>* കുസൃതി കണക്കുകൾ<br>* ഗണിതവുമായി ബന്ധപ്പെട്ട കടങ്കഥകൾ നിർമ്മിക്കൽ, ശേഖരിക്കൽ.<br>* രൂപങ്ങൾ നിർമ്മിക്കൽ വരക്കൽ<br>* ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട ക്രിയകൾ ചെയ്യുക<br>* വസ്തുക്കളെ താരതമ്യം ചെയ്യൽ<br>* വലുത് / ചെറുത്<br>* കൂടുതൽ / കുറവ്<br>* അകലെ / അടുത്ത്<br>* പാറ്റേൺ നിർമ്മിക്കൽ | വർഷം മുഴുവൻ | CPTA |

മേഖല - ഗണിതം

| | | | |
|---|---|---|---|
| * സമയത്തെ കു-റിച്ച് ധാരണ ഉണ്ടാക്കുന്നു.<br>* അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭിക്കുക.<br>* മനക്കണക്ക് സ്ഥാനവില ഉറപ്പി ക്കൽ.<br><br>* ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * ക്ലോക്കുകൾ തയ്യാറാക്കുന്നു<br>* കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടാൻ സഹായക-മായ തരത്തിൽ ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, സംഖ്യാ കാർഡുകൾ)<br>* മനക്കണക്ക് സ്വായത്തമാക്കാനുള്ള ചോദ്യങ്ങൾ.<br>* അബാക്കസ്, സ്ഥാനവില pocket എന്നിവ ഉപയോ-ഗിച്ചുള്ള പ്രവർത്തനം.<br>* സംഖ്യകളെ പലതരത്തിൽ കൊടുത്ത് ആരോഹ ണ, അവരോഹണ ക്രമത്തിലെഴുതാനുള്ള ശേഷി.<br>* പാറ്റേണുകളിലെ സംഖ്യകളുടെ ബന്ധം കണ്ടു പിടിക്കൽ.<br>* പഠനപിന്നോക്ക അവസ്ഥയുള്ളവർക്ക്<br>* സംഖ്യാമാല, സംഖ്യ ചക്രം, സംഖ്യാപടി എന്നിവ കൊടുത്തുള്ള ക്രിയചെയ്യൽ<br>* ലഘുസങ്കലനങ്ങൾ വ്യവകലനങ്ങൾ, ഗുണനം, ഹരണം എന്നിവയുൾപ്പെടുത്തിയ കാർഡുകൾ | വർഷം മുഴുവൻ | SMC |

## അക്കാദമിക മാസ്റ്റർ പ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം.

മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| * ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരങ്ങളൊരുക്കൽ. | * ചെറിയ കഥകൾ കേൾപ്പിക്കൽ സ്പീക്കർ ഉപയോഗിച്ച്<br>* കഥാ വീഡിയോ പ്രദർശനം<br>* ഇംഗ്ലീഷ് സിനിമകളുടെയും documentary കളുടെയും പ്രദർശനം<br>* ഇംഗ്ലീഷ് ബാലസഭ<br>* ഇംഗ്ലീഷ് അസംബ്ലി. | | |
| * ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ. | * കാർട്ടൂൺ പ്രദർശനം<br>* കഥാവതരണം<br>* കഥയെഴുത്ത് | | |

ഭാഷ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ |
| --- | --- | --- | --- |
| * ഇംഗ്ലീഷിൽ വിവരണം പറയാൻ എഴുതാൻ | * Give opportunities to talk and write about the picture<br>* making riddles<br>* picture description<br>* Daily word making sentences<br>* word web<br>* dramatisation<br>* telling simple stories<br>* Singing rhymes. | വർഷം മുഴുവൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം.

മേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| * പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | * മരങ്ങൾ, ചെടികൾ സ്കൂളിലും, വീട്ടിലും പൊതുഇടങ്ങളിലും നട്ടു പിടിപ്പിക്കൽ<br>* Poster നിർമ്മാണ പ്രവർത്തനങ്ങൾ<br>* പരിസ്ഥിതിയെ നശിപ്പിക്കുന്ന വിപത്തുകൾ വിവരശേഖരണം, റിപ്പോർട്ട്.<br>* ജീവികൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്നുള്ള ചർച്ചകൾ | | |
| * പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടൽ | * പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>* പ്രകൃതിയും ജീവികളേയും നിരീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കൽ. | | |
| * ശുചിത്വ ബോധം ഉണ്ടാക്കുന്നതിന് | * ശുചിത്വ ക്ലാസ്സുകൾ<br>* മാരക രോഗങ്ങളെ കുറിച്ചുള്ള അവബോധ ക്ലാസ്സുകൾ<br>* പ്രകൃതി പഠനയാത്ര<br>* പോസ്റ്റർ രചന മത്സരം | | |

മേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സഹായത്തിന് |
|---|---|---|---|
| * ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | * പരീക്ഷണ നിരീക്ഷണങ്ങൾ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട് നടത്തൽ<br>* ശാസ്ത്ര വീഡിയോ പ്രദർശനം<br>* പ്രധാനപ്പെട്ട ശാസ്ത്രവുമായി ബന്ധപ്പെട്ട ദിവസങ്ങൾ (ദിനാചരണങ്ങൾ) ആഘോഷിക്കുക.<br>* ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചാർട്ടുകൾ തയ്യാറാക്കൽ, പതിപ്പുകളിൽ ഏർപ്പെടൽ, ശാസ്ത്രജ്ഞന്മാരായി അഭിനയിക്കൽ. etc. | വർഷം മുഴുവൻ | SMC |
| * സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | * police station, post office, പഞ്ചായത്ത് വില്ലേജ്, ഗ്രന്ഥശാലകൾ, ആശുപത്രി, മ്യൂസിയം മുതലായ സ്ഥലങ്ങളിലേക്ക് field trip സംഘടിപ്പിക്കൽ. | | |
| * വൈവിധ്യമായ ഭക്ഷണങ്ങളും അവയുടെ പ്രാധാന്യം | * നാടൻ വിഭവങ്ങളുടെ പ്രദർശനം<br>* ഭക്ഷ്യമേള - പ്രദർശനം | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| * സ്കൂളിന്റെ വികസനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ. | * ആധുനിക സൗകര്യങ്ങളോടെയുള്ള കെട്ടിടം.<br>* സ്പീച്ച്, physio തെറാപ്പിക്കാവശ്യമായ കെട്ടിടങ്ങളും സൗകര്യങ്ങളും.<br>* special educator മാർക്ക് ആവശ്യമായ സൗകര്യമുള്ള റൂമുകൾ<br>* കുട്ടികളുടെ ഫിറ്റ്നെസിന് ആവശ്യമായ സെന്ററുകൾ<br>* ആധുനിക രീതിയിൽ നവീകരിച്ച കുളം നിർമ്മാണം<br>* കുട്ടികൾക്കുള്ള നീന്തൽ പരിശീലനം. | 1 വർഷത്തിനുള്ളിൽ | പഞ്ചായത്ത് |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മൊഡ്യൂൾ പ്രകാരമുള്ള ബോധവത്കരണ ക്ലാസുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സഹായത്തിന് |
|---|---|---|---|
| * കുട്ടികൾ പഠനത്തിൽ മാത്രം ഒതുങ്ങാതെ പൊതു ബോധ്യവും, കർത്തവ്യങ്ങളും ഉത്തരവാദിത്തത്തോടെ ചെയ്യുന്നതിന്.<br>- ഒരു നല്ല വ്യക്തിയായി തീരുന്നതിന് ശീലിക്കേണ്ട പൊതു മര്യാദകൾ പാലിക്കുന്നതിന്. | * വ്യക്തിശുചിത്വം, പരിസര ശുചിത്വം പൊതു ഇടങ്ങളിലെ ശുചിത്വം എന്നിവയെ കുറിച്ചുള്ള ചർച്ചകൾ, Documentary കൾ, പ്രദർശനങ്ങൾ.<br>* റോഡ് നിയമങ്ങളും വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ, റോൾ പ്ലേ poster നിർമ്മാണം.<br>* Digital അപകടങ്ങളെ കുറിച്ചും സ്ക്രീനിംഗ് സമയം കുറക്കുന്നതിനെ കുറിച്ചും രക്ഷിതാക്കൾക്കും കുട്ടികൾക്കുള്ള അവബോധ ക്ലാസുകൾ.<br>* ലഹരിക്കെതിരെ poster നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം, മൈമിംഗ് etc.<br>* സ്കൂളിലും പൊതു ഇടങ്ങളിലും പാലിക്കേണ്ട അച്ചടക്ക ശീലങ്ങൾ<br>* വളർത്ത് മൃഗങ്ങളെ കൈകാര്യം ചെയ്യേണ്ട വിധം - ക്ലാസുകൾ | വർഷം മുഴുവൻ | PTA<br>SMC |